LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയുടെ വിതരണം

278 (1651) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക സാധാരണ ഗതിയിൽ എത്ര ഗഡുക്കളായി ഏതെല്ലാം സമയങ്ങളിലാണ് വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ ;

(ബി) 2014-15-ൽ ഈ വകയിൽ നീക്കിവച്ച തുക എത്രയായിരുന്നു ; ഇത് എത്ര ഗഡുക്കളായിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്നറിയിക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കിയതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗഡുക്കൾ ഈ സ്ഥാപനങ്ങളുടെ ട്രഷറി അക്കൗണ്ടിലേക്കാണോ കൈമാറ്റം ചെയ്തത് ;

(ഡി) 2014-15-ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർ പ്രവർത്തനത്തിനായി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നുള്ള കണക്ക് എടുത്തിട്ടുണ്ടോ ; എങ്കിൽ അവ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പൊതു ആവശ്യഫണ്ട് 12 ഗഡുക്കളായി ഏപ്രിൽ മുതൽ മാർച്ച് വരെയും സംരക്ഷണ ഫണ്ട് 10 ഗഡുക്കളായി ഏപ്രിൽ മുതൽ ജനുവരി വരെയും വികസന ഫണ്ട് 10 ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരി വരെയുമാണ് വിതരണം ചെയ്തു വന്നിരുന്നത്. 2015-16 സാമ്പത്തിക വർഷം മുതൽ ഈ രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം 7507.48 കോടി രൂപ നീക്കി വച്ചിരുന്നു. പൊതു ആവശ്യ ഫണ്ട് 12 ഗഡുക്കളായും വികസനഫണ്ടും സംരക്ഷണ ഫണ്ടും 10 ഗഡുക്കളായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 8 ഗഡുക്കളായും ലോക ബാങ്ക് സഹായം, ഗ്യാപ് ഫണ്ട്, വികസന ഫണ്ടിനത്തിലെ നികതി പിരിവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതം, മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം എന്നിവ ഓരോ ഗഡുക്കളായും വിതരണം ചെയ്തിട്ടുണ്ട്.

(സി) പൊതു ആവശ്യഫണ്ട് മാത്രം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവ നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നിയമാനുസരണം പിൻവലിക്കുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) കണക്കെടുത്തിട്ടുണ്ട്. 2014-15-ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർ പ്രവർത്തനത്തിനായി 1,96,365.29 ലക്ഷം രൂപയാണ് മാറ്റിവച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള കേസ്സുകൾ

279 (1652) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള എത്ര കേസ്സുകൾ ഓംബുഡ്സ്മാന്റെ മുന്നിൽ എത്തിയെന്നും അവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

ഇതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു :

വർഷം	ആകെ രജിസ്റ്റർ ചെയ്ത കേസുകൾ	ആകെ തീർപ്പാക്കിയത്
2011-12	1961	2174 മുൻ വർഷം ഉൾപ്പെടെ
2012-13	2044	2592 ,,
2013-14	2142	2221 ,,
2014-15	1907	1604 ,,

ഖരമാലിന്യങ്ങൾ സംസ്കരണ പദ്ധതി

280 (1653) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly